കേരള സർക്കാർ

വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

ജില്ലാ ഇൻഫർമേഷൻ ആഫീസ് 2018 ജൂൺ 30

കാസർകോട് ശനി

www.prd.kerala.gov.in 04994 255145 dioksgd@gmail.com

## ദേശീയപാത നാലുവരിയാക്കൽ: നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ തുടങ്ങാൻ കഴിയുമെന്ന് മന്ത്രി ജി.സുധാകരൻ

### ഃ മധൂർ-ബദിയഡുക്ക ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കൊറത്തിക്കു് പാലം ഉദ്ഘാടനം ചെയ്തു

ദേശീയ പാത നാലുവരിയാക്കുന്നതിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം ജൂലൈ അവസാനമോ ആഗസ്റ്റ് ആദ്യമോ കാസർകോട് നടത്താൻ കഴിയുമെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി.സുധാകരൻ പറഞ്ഞു. ദേശീയപാത നാലുവരിയാക്കുന്നതിനായി കാസർകോട് ജില്ലയിലെ തലപ്പാടി മുതലുള്ള രു റീച്ചുകളിലെ സ്ഥലമെടുപ്പ് പൂർത്തിയാക്കി കേന്ദ്രസർക്കാരിൽ നിന്ന് ടെറുകൾക്ക് അനുമതി കാത്തിരിക്കുകയായിരുന്നു. ടെറുകൾക്ക് കേന്ദ്രസർക്കാർ അനുമതി രുദിവസംമുമ്പ് ലഭിച്ചു. മുഖ്യമന്ത്രിയുടെയും കേന്ദ്രമന്ത്രിയുടെ തീയതി ഒരുമിച്ചുകിട്ടുന്ന ദിവസം സംസ്ഥാനതല ഉദ്ഘാടനം കാസർകോട് നടത്താനാണ് ശ്രമിക്കുന്നത്. ഇരുവരുടെയും സമയം ചോദിച്ചിട്ടു്. ജൂലൈ അവസാനമോ ആഗസ്റ്റ് ആദ്യമോ ദേശീയപാതല നാലുവരിയാക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം കാസർകോട് വടക്കേയറ്റത്ത് നടത്തുവാൻ കഴിയുമെന്നും മന്ത്രി പറഞ്ഞു.

മധൂർ-ബദിയഡുക്ക ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കൊറത്തിക്കു് പാലത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

കാസർകോട് ജില്ലയിൽ മാത്രം ദേശീയപാതയ്ക്കായി 86 കിലോമീറ്ററിന് 4300 കോടിയോളം രൂപ ചെലവുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. സ്ഥലമെടുക്കൽ, റോഡിന് വീതി കൂട്ടൽ, പാലങ്ങളുടെ നിർമ്മാണം ഉൾപ്പെടെ ഒരു കിലോമീറ്ററിന് 50 കോടി രൂപ ചിലവാകും. ജില്ലയിൽ രു റീച്ചുകൾക്ക് 1750 കോടി രൂപ അനുവദിച്ചിട്ടു്. കാസർകോട് നിയോജക മണ്ഡലത്തിലും കഴിഞ്ഞ രുവർഷമായി വലിയതോതിലുള്ള വികസനപ്രവർത്തനങ്ങളാണ് നടന്നുകൊിരിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

എൻ.എ നെല്ലിക്കുന്ന് എംഎൽഎ അധ്യക്ഷതവഹിച്ചു. കൊറത്തിക്കു് പാലം വീതികൂട്ടി പുനർനിർമ്മിക്കുന്നതിന് സ്ഥലം വിട്ടുകൊടുത്ത ശിവരാം ഭട്ടിന് ചടങ്ങിൽ മന്ത്രി ഉപഹാരം നൽകി ആദരിച്ചു. കാസർകോട് ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ എ.എസ് അഹമ്മദ്, പ്രഭാശങ്കർ റൈ, ബദിയടുക്ക ഗ്രാമപഞ്ചായത്ത് അംഗം സിറാജ് മുഹമ്മദ്, വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികളായ സിഎച്ച് ശങ്കരൻ, എ.അബ്ദു റഹ്മാൻ, മാഹിൻ കേളോട്ട്, കെ.ചന്ദ്രശേഖര ഷെട്ടി,അനന്തൻ നമ്പ്യാർ, ടിമ്പർ മുഹമ്മദ്,നാഷണൽ അബ്ദുള്ള എന്നിവർ പങ്കെടുത്തു.പിഡബ്ളുഡി നോർത്ത് സർക്കിൾ സുപ്രിംഗ് എഞ്ചിനീയർ പി.കെ മിനി റിപ്പോർട്ട് അവതരിപ്പിച്ചു. ബദിയടുക്ക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എൻ കൃഷ്ണഭട്ട് സ്വാഗതവും പിഡബ്ളുഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ ബി.റിയാദ് നന്ദിയും പറഞ്ഞു.

(തുടരും)

ഫോട്ടോ അടിക്കുറിപ്പ്:

മിനിസ്റ്റർ 1:- മധൂർ-ബദിയഡുക്ക ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കൊറത്തിക്കു് പാലത്തിന്റെ ഉദ്ഘാടനം മന്ത്രി ജി.സുധാകരൻ നിർവഹിക്കുന്നു.

മിനിസ്റ്റർ 2:-മധൂർ-ബദിയഡുക്ക ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കൊറത്തിക്കു് പാലത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് മന്ത്രി ജി.സുധാകരൻ സംസാരിക്കുന്നു.

# പി.എസ്.സി ജില്ലാതല പരീക്ഷകളുടെ ഇന്റർവ്യു ജില്ലയിൽ തന്നെ നടത്തണം: ജില്ലാ വികസന സമിതി

ജില്ലാതലത്തിൽ പി.എസ്.സി നടത്തുന്ന മത്സര പരീക്ഷകളുടെ ഇന്റർവ്യു ജില്ലാ ആസ്ഥാനത്ത് തന്നെ നടത്തുന്നതിന് സാധ്യത പരിശോധിക്കണമെന്ന് ജില്ലാ വികസന സമിതി യോഗം സർക്കാറിനോട് ആവശ്യപ്പെട്ടു. നേരത്തെ ഇപ്രകാരം നടത്തുന്ന പതിവ് മാറ്റിയിരിക്കെയാണെന്നും ഇത് പരിശോധിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. നീലേശ്വരം നഗരസഭാ ചെയർമാൻ പ്രൊഫ.കെ.പി.ജയരാജൻ അവതരിപ്പിച്ച പ്രമേയത്തെ വികസന സമിതി ഏകകണ്ഠമായി പിന്തുണയ്ക്കുകയായിരുന്നു. നെല്ലിക്കുന്ന്-കസബ പഴയപാലം പൊളിച്ചുമാറ്റാത്തതിനാൽ മാലിന്യങ്ങൾ കെട്ടിക്കിടക്കുകയാണെും ഇത് എത്രയും വേഗം പൊളിച്ചുമാറ്റാനുള്ള നടപടി വേണമെന്നുമുള്ള എൽ.എ.നെല്ലിക്കുന്ന് എം.എൽ.എയുടെ ആവശ്യം സംബന്ധിച്ച് അടിയന്തര നടപടികൈക്കൊള്ളാൻ ഹാർബർ എജിനീയറിങ് വകുപ്പിന് ജില്ലാ കളക്ടർ നിർദ്ദേശം നൽകി. 2014-15 ൽ അടിയന്തര പ്രാധാന്യത്തോടെ പൂർത്തികരിച്ച ഈ താത്കാലിക പാലം ഇപ്പോൾ ഉപയോഗിക്കുന്നില്ല. സമാന്തരമായി പുതിയ പാലം വന്നതിനാൽ പാലം പൊളിച്ചുമാറ്റാനുള്ള ഉത്തരവ് അടിയന്തരമായി പിഡബ്ള്യുയുടെ റോഡുകളും പാലങ്ങളും വിഭാഗത്തിന് ലഭ്യമാക്കാനാണ് ആവശ്യപ്പെട്ടത്.

ജില്ലയിൽ ദേശീയപാത, പൊതുമരാമത്ത് വകുപ്പ് തദ്ദേശസ്വയം ഭരണസ്ഥാപനം എന്നിവയുടെ പൊതു സ്ഥലം സ്വകാര്യവ്യക്തികൾ കയ്യേറിയത് ഒരാഴ്ചക്കകം ഒഴിപ്പിക്കണമെന്ന് കളക്ടർ പറഞ്ഞു. സർക്കാർ ഇക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. ദേശീയപാത, റോഡ് വിഭാഗം എക്സി.എഞ്ചിനീയർ, ഡിഡിപി, കാഞ്ഞങ്ങാട്, കാസറകോട്, നീലേശ്വരം നഗരസഭാ സെക്രട്ടറിമാർ എന്നിവർക്കാണ് നിർദ്ദേശം നൽകിയത്. ജില്ലയിലെ പൊതു സ്ഥലങ്ങളിലും, ഇലക്ട്രിക് പോസ്റ്റുകളിലും മറ്റും സുഗമമായ ട്രാഫിക്കിന് തടസ്സമുാകും വിധമുള്ള ഫ്ളക്സുകളും പരസ്യബോർഡുകളും അടിയന്തരമായി നീക്കാനും ഇവർക്ക് നിർദ്ദേശം നൽകി.

ജില്ലയിലെ ദേശീയപാതയിലും മറ്റിടങ്ങളിലും സ്ഥാപിച്ചിട്ടുള്ള നിരീക്ഷണകാമറകൾ കൃത്യമായി പ്രവർത്തിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ ആർടിഒയ്ക്കും ജില്ലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് കാസർകോട് പാക്കേജിൽ ഇരുപത് കോടി രൂപ മുടക്കി ഇലക്ട്രിക് ലൈൻ വലിച്ചതിന്റെ പ്രയോജനമില്ലായ്മ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ കെ.എസ്.ഇ.ബി ഡെ.ചീഫ് എഞ്ചിനീയർക്കും കളക്ടർ നിർദ്ദേശം നൽകി. ജില്ലയിലെ വിവിധ വകുപ്പുകളുടെ 2018 മെയ്മാസം വരെയുള്ള പദ്ധതി പുരോഗതിയും യോഗം അവലോകനം ചെയ്തു.

ജില്ലാകളക്ടർ ജീവൻബാബു.കെയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ, ജില്ലാ പ്ലാനിങ് ഓഫീസർ കെ.എം. സുരേഷ്, വിവിധ വകുപ്പ് മേധാവികൾ തുടങ്ങിയവർ സംബന്ധിച്ചു.സർവീസിൽ നിന്ന് വിരമിക്കുന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയരക്ടർ എൻ. പ്രദീപ്കുമാറിനും, സ്ഥലം മാറിപോകുന്ന ജില്ലാ പ്ലാനിങ് ഓഫീസർ കെ.എം സുരേഷ്, വെള്ളരിക്കു് തഹസിൽദാർ ബേബി.വി.എ എന്നിവർക്കും യോഗം യാത്രയയപ്പ് നൽകി.

# 14 തദ്ദേശ സ്ഥാപനങ്ങളുടെ പ്രൊജക്ടുകൾക്ക് അംഗീകാരം

ജില്ലയിൽ ജില്ലാ പഞ്ചായത്ത് ഉൾപ്പെടെയുള്ള 14 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2018-19 വർഷത്തെ പ്രൊജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരമായി. മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത്, കാസറഗോഡ് മുനിസിപ്പാലിറ്റി, പുത്തിഗെ, പടന്ന, കയ്യൂർ-ചീമേനി, പള്ളിക്കര, ബദിയഡുക്ക, തൃക്കരിപ്പൂർ, കുമ്പഡാജെ, മധൂർ, കോടോം ബേളൂർ, മഞ്ചേശ്വരം, ചെറുവത്തൂർ എന്നിവയുടെ പദ്ധതികളാണ് അംഗീകരിക്കപ്പെട്ടത്. അവശേഷിക്കുന്ന തദ്ദേശ സ്ഥാപനങ്ങളുടെ പ്രൊജക്ട് സമർപ്പണം ത്വരിത ഗതിയിലാക്കാൻ നിർദ്ദേശിച്ചു. തദ്ദേശ

(തുടരും)

സ്ഥാപനങ്ങൾ ശാരിരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്ന പരിഹാരങ്ങൾക്ക് അടിയന്തര പ്രാധാന്യം നൽകാനും യോഗം നിർദ്ദേശം നൽകി.

ജില്ലാ പഞ്ചായത്ത് പ്രസിഡ് എ.ജി.സി ബഷീറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാ കളക്ടർ ജീവൻ ബാബു.കെ, ആസൂത്രണ സമിതിയിലെ സർക്കാർ പ്രതിനിധി എം.ബാലകൃഷ്ണൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരായ ഷാനവാസ് പാദൂർ, മുംതാസ് സമീറ, ഇ.പത്മാവതി തുടങ്ങിയവർ പങ്കെടുത്തു. സ്ഥലം മാറി പോകുന്ന ജില്ലാ പ്ലാനിംഗ് ഓഫീസർ കെ.എം സുരേഷിന് യോഗം യാത്രയയപ്പ് നൽകി.

## കാസർകോട് താലൂക്ക് സപ്ലൈ ഓഫീസിൽ

## റേഷൻ കാർഡ് അപേക്ഷകൾ തിങ്കൾ മുതൽ സ്വീകരിക്കും

കാസർകോട് താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിലെ റേഷൻ കാർഡ് സംബന്ധമായ എല്ലാ അപേക്ഷകളും പഞ്ചായത്ത് അടിസ്ഥാനത്തിൽ താലൂക്ക് സപ്ലൈ ഓഫീസിൽ ജൂലൈ രു മുതൽ സ്വീകരിക്കും. പഞ്ചായത്തുകളിൽ അപേക്ഷകൾ സ്വീകരിക്കുന്നതല്ലെന്നും താലൂക്ക് സപ്ലൈ ഓഫീസർ അറിയിച്ചു. എല്ലാ തിങ്കളാഴ്ചയും മധൂർ, മൊഗ്രാൽ പുത്തൂർ, ചെങ്കള, എല്ലാ ചൊവ്വാഴ്ചയും മുളിയാർ, കാറഡുക്ക, ദേലംപാടി, എല്ലാ ബുധനാഴ്ചയും കുമ്പടാജെ, ബെള്ളൂർ, ബദിയഡുക്ക, എല്ലാ വ്യാഴാഴ്ചയും കാസർകോട് മുനിസിപ്പാലിറ്റി, ചെമ്മനാട് പഞ്ചായത്ത്, എല്ലാ വെള്ളിയാഴ്ചയും ബേഡഡുക്ക, കുറ്റിക്കോൽ പഞ്ചായത്തുകൾ എന്നിവയുടെ അപേക്ഷകൾ രാവിലെ 10.30 മുതൽ സ്വീകരിക്കും.

## തേക്കിൻ തൈകൾ വിൽപ്പനയ്ക്ക്

വനം-വന്യജീവി വകുപ്പിന്റെ നഴ്സറികളിൽ തയ്യാറാക്കിയ ഗുണനിലവാരമുള്ള തേക്കിൻ തൈകളുടെ സ്റ്റംപുകൾ വിതരണത്തിനായി തയ്യാറാക്കിയിട്ടു്. തൈ ഒന്നിന് ഏഴ് രൂപയാണ് വില. താൽപര്യമുള്ളവർ കാസറഗോഡ് റെയിൽവെ സ്റ്റേഷന് എതിർവശമുള്ള റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 8547602598.

## തുകകൈപ്പറ്റണം

ജി.വി.എച്ച്.എസ്.ഫോർ ഗേൾസ്- വി.എച്ച്.എസ്.ഇ വിഭാഗത്തിലെ 2016, 2017 വർഷങ്ങളിൽ പഠനം പൂർത്തിയാക്കിയ ഇ-ഗ്രാന്റ് സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥിനികളുടെ സ്പെഷൽ ഫീസും, പരിക്ഷാഫീസും ജുലൈ ര് മുതൽ എഴ് വരെ സ്കൂൾ ഓഫീസിൽ നിന്നും വിതരണം ചെയ്യും.

## കാർഷികഗ്രാമോത്സവം മഴപ്പൊലിമവരവായി

കുടുംബശ്രീ ജില്ലാമിഷന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന മഴപ്പൊലിമ-തരിശുരഹിത ഭൂമികാർഷിക പുനരാവിഷ്ക്കരണ ക്യാമ്പയിൻ ജൂലൈ ഒന്നു മുതൽ 30 വരെ സംഘടിപ്പിക്കും.ഞാറ്റുവേല കൃഷി അറിവുകൾ 'ചേറാണ ്ചോറ്' എന്ന സന്ദേശമുയർത്തിപ്പിടിച്ചു 2017 മുതലാണ് 'മഴപ്പൊലിമ' കുടുംബശ്രീ സിഡിഎസുകളുടെ നേതൃത്വത്തിൽ ആരംഭിച്ചത്. 1010 ഹെക്ടർ തരിശുഭൂമി ജില്ലയിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ കത്തിയുട്ടു്. ഈ ഭൂമിയിൽ ഭക്ഷ്യ വിളകളായ നെല്ല്, പച്ചക്കറി, വാഴ തുടങ്ങിയവ ജെഎൽജികളുടെ നേതൃത്വത്തിൽ കൃഷിചെയ്യും.

മഴപ്പൊലിമ നടത്തുന്ന വയലിൽ കാർഷിക പദ്ധതികൾ ഉണർത്തുന്ന നാട്ടുകളികൾ, കമ്പവലി, കാൽപന്തുകളി, ഓട്ടം, റിലേ തുടങ്ങിയ പരിപാടികൾ അരങ്ങേറും. കാർഷികമേളയോടനുബന്ധിച്ച് ചക്ക ഫെസ്റ്റും സംഘടിപ്പിക്കും. ജില്ലയിൽ മഴപ്പൊലിമ നടത്തുന്ന സിഡിഎസുകളിൽ നിന്നും മികച്ച പ്രവർത്തനം നടത്തുന്ന സിഡിഎസുകളിൽ ജില്ലാതല പുരസ്ക്കാരം നൽകും.

മഴപ്പൊലിമ ഫയൽ ഫോട്ടോ: കിനാനൂർ കരിന്തളത്ത് വച്ച് നടന്ന മഴപ്പൊലിമ(ഫയൽ ചിത്രം)

(തുടരും)

# സെമസ്റ്റർ (സപ്ലിമെന്ററി); അപേക്ഷ ക്ഷണിച്ചു

2013 ആഗസ്റ്റ് സെഷൻ മുതൽ സെമസ്റ്റർ സമ്പ്രദായത്തിൽ പ്രവേശനം നേടി 1, 2, 3, 4 സെമസ്റ്റർ പരീക്ഷകൾ എഴുതി പരാജയപ്പെട്ട ട്രെയിനികൾക്ക് ജൂലൈയിൽ നടക്കുന്ന എസ് സി വി ടി 1, 2, 3, 4 സെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷയിൽ പങ്കെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. പൂരിപ്പിച്ച അപേക്ഷാ ഫോറവും, പരീക്ഷാ ഫീസ് 160 രൂപ ട്രഷറിയിൽ '0230-L&E-00-800-OR-88-OI' എന്ന ശീർഷകത്തിൽ അടച്ച് ഒറിജിനൽ ചെലാൻ സഹിതം ജൂലൈ ഒൻപതിന് നാലിനകം ഓഫീസിൽ ഹാജരാക്കണം. സെമസ്റ്റർ സ്കീമിൽ ട്രേഡ്ടെസ്റ്റ് എഴുതി പാസാകുന്നതിന് തുടർച്ചയായ അഞ്ചു വർഷത്തിനുള്ളിൽ ഓരോ സെമസ്റ്ററിനും അഞ്ച് അവസരങ്ങളാണ് അനുവദിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 04672 230980.

# സെമസ്റ്റർ (സപ്ലിമെന്ററി); അപേക്ഷ ക്ഷണിച്ചു

എസ്.സി.വി.ടി ട്രേഡ് ജൂലൈ 2018 (സപ്ലിമെന്ററി) ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. 2013 ആഗസ്റ്റ് സെക്ഷൻ മുതൽ ഐ.ടി.ഐകളിൽ ഏകവത്സര/ദ്വിവത്സര കോഴ്സുകളിൽ പ്രവേശനം നേടിയ 1,2,3,4 സെമസ്റ്റർ പരീക്ഷകളിൽ പരാജയപ്പെട്ട ട്രെയിനികൾക്ക് തുടർച്ചയായ അഞ്ച് വർഷത്തിനുള്ളിൽ വിനിയോഗിച്ചിട്ടില്ലാത്തവർക്ക് ട്രേഡ് ടെസ്റ്റിന് അപേക്ഷിക്കാം.ഓരോ സെമസ്റ്ററിനും പ്രത്യേകം പ്രത്യേകം അപേക്ഷകളും ഫീസും ആവശ്യമാണ്. '0230 ലേബർ & എംപ്ലോയ്മെന്റ് -00- 800-അദർ റസീപ്റ്റ്സ് -88 അദർ ഐറ്റംസ് എന്ന ശീർഷകത്തിൽ 160 രൂപ ഒടുക്കിയ അസ്സൽ ചലാൻ, അപേക്ഷകളുടെ ര് പകർപ്പ്, എസ്.എസ്.എൽ.സി. കോപ്പി, റീ അഡ്മിഷൻ നേടിയ ട്രെയിനിയാണെങ്കിൽ റീ അഡ്മിഷൻ ഉത്തരവിന്റെ പകർപ്പ്, മുൻവർഷത്തെ പരീക്ഷയ്ക്ക് ലഭിച്ച മാർക്ക് ഷീറ്റിന്റെ പകർപ്പ്, സെമസ്റ്റർ പരീക്ഷ എഴുതിയ ഹാൾടിക്കറ്റിന്റെ പകർപ്പ് സഹിതം ജൂലൈ ഒൻപതിന് വൈകിട്ട് നാലു മണിക്കകം പ്രിൻസിപ്പാളിന് സമർപ്പിക്കണം. ഫോൺ:04994256440

# തീറ്റപുൽ കൃഷി പരിശീലനം

കോഴിക്കോട് ബേപ്പൂർ നടുവട്ടത്തുള്ള കേരള സർക്കാർ ക്ഷീര പരിശീലന കേന്ദ്രത്തിൽ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലുള്ള ക്ഷീര കർഷകർക്ക് രു ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. കന്നുകാലി തീറ്റയായി ഉപയോഗിക്കുന്ന വിവിധയിനം പുല്ലുകൾ, പയറുവർഗ്ഗ വിളകൾ, ധാന്യവിളകൾ, അസോള എന്നിവയുടെ കൃഷിരീതികൾ, തീറ്റപ്പുൽ സംസ്കരണം, ആധുനിക തീറ്റപ്പുൽ ഉല്പാദനം തുടങ്ങിയ വിഷയങ്ങളിൽ ജൂലൈ 4, 5 തീയതികളിലാണ് പരിശീലനം. 50 സെന്റിൽ കൂടുതൽ സ്ഥലത്ത് പുൽകൃഷി ചെയ്യുവാൻ താല്പര്യമുള്ള ക്ഷീര കർഷകർക്കും സംരംഭകർക്കും മുൻഗണന നൽകും. പങ്കെടുക്കുവാൻ താൽപര്യമുള്ളവർ ജൂലൈ നാലിന് രാവിലെ 10 മണിക്ക് മുമ്പായി ബാങ്ക് പാസ് ബുക്കും ഫോട്ടോസ്റ്റാറ്റ് കോപ്പിയും, ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ പകർപ്പും സഹിതം കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിൽ എത്തണം. കൂടുതൽ വിവരങ്ങൾക്ക് 0495 2414579 എന്ന ഫോൺ നമ്പറിലോ ബ്ലോക്ക് തലത്തിലുള്ള ക്ഷീര വികസന സർവീസ് യൂണിറ്റുമായോ ബന്ധപ്പെടാവുന്നതാണെന്ന് ക്ഷീര പരിശീലന കേന്ദ്രം പ്രിൻസിപ്പാൾ അറിയിച്ചു.

# ഐ.ടി.ഐ; തീയതി നീട്ടി

കയ്യൂർ ഗവ. ഐ.ടി.ഐയിൽ 2018 വർഷത്തെ വിവിധ എൻ.സി.വി.ടി, എസ്.സി.വി.ടി ട്രേഡുകളിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ സ്വീകരിക്കുന്ന തീയതി ജൂലൈ രുവരെ(നാളെ) വരെ ദീർഘിപ്പിച്ചു. www.itiadmissionskerala.orgഎവെബ്സൈറ്റിലൂടെ ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേത്. കയ്യൂർ ഗവ. ഐ.ടി.ഐയിൽ പ്രവർത്തിക്കുന്ന ഹെൽപ് ഡെസ്കിലൂടെയും അപേക്ഷ സമർപ്പിക്കാം. ഫീസ് ഒടുക്കേ അവസാന തീയതി ജൂലൈ അഞ്ച് വൈകുന്നേരം അഞ്ചുവരെ.ഫോൺ: 04672230980

**കാസർകോട്** ഗവ. ഐ.ടി.ഐയിൽ 2018 ആഗസ്റ്റ് സെഷനിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ സ്വീകരിക്കുന്ന തീയതി ജൂലൈ രുവരെ(നാളെ) ദീർഘിപ്പിച്ചു. ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേത്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട്, ഫീസ് എന്നിവ ഐ.ടി.ഐയിൽ സമർപ്പിക്കേ അവസാന തീയതി ജൂലൈ അഞ്ച് വൈകുന്നേരം അഞ്ചുവരെ.ഫോൺ: 04994 256440

(തുടരും)

## അധ്യാപക ഒഴിവ്

വിദ്യാനഗർ കേന്ദ്രിയ വിദ്യാലയത്തിൽ(നമ്പർ. 2, കാസർകോട് ) സെക്കൻഡറി വിഭാഗത്തിൽ ഗണിതം, സയൻസ്, പ്രൈമറി ടീച്ചർ മ്യൂസിക് എന്നീ തസ്തികകിലേക് താൽക്കാലിക അധ്യാപക ഒഴിവ്. താല്പര്യമുള്ളവർ പാസ്പോർട്ട് സൈസ് ഫോട്ടോയും ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ജൂലൈ നാലിന് രാവിലെ 9.30 ന് വിദ്യാലയത്തിൽ എത്തിച്ചേരണം. ഫോൺ : 04994 256788

## അധ്യാപക ഒഴിവ്

ഉദുമ ഗവ. ഹയർസെക്കന്ററി സ്കൂളിൽ യു.പി വിഭാഗത്തിൽ പിഡി ടീച്ചർ(മലയാളം)അധ്യാപക ഒഴിവിലേക്ക് താത്കാലിക നിയമനത്തിനുള്ള കൂടിക്കാഴ്ച്ച ജുലൈ രിന് രാവിലെ 10.30ന് സ്കൂൾ ഓഫീസിൽ നടക്കും

## വായന മനസിന്റെ വിശുദ്ധിയിലേക്കുള്ള

## വാതായനം: ദിവാകരൻ വിഷ്ണുമംഗലം

വാക്ക് നഷടപ്പെട്ടവന് നാവായും നോക്ക് നഷ്ടമായവന് വിവേകമായും ഒറ്റപ്പെട്ടവന് കൂട്ടായും വായന മാറുന്നുവെന്ന് കവി ദിവാകരൻ വിഷ്ണുമംഗലം പറഞ്ഞു. കളക്ടറേറ്റിലെ അക്ഷര ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ വായനാപക്ഷാചരണത്തിന്റെ ഭാഗമായി വായനയുടെ വാതായനങ്ങൾ എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. വായനമരിക്കുന്നു എന്നു പറയുന്നത് വായിക്കാൻ മടിക്കുന്നവർ മാത്രമാണ്. അർത്ഥപൂർണ്ണമായ ജീവിതം ആവശ്യമുള്ളവർ നല്ല പുസ്തകങ്ങൾ തേടിപിടിച്ച് വായിക്കുക തന്നെ ചെയ്യും. ജില്ലാ കളക്ടർ ജീവൻബാബു.കെ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ എഡിഎം:എൻ. ദേവിദാസ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഇ.വി.സുഗതൻ ആശംസ പ്രസംഗം നടത്തി. ലൈബ്രറി പ്രസിഡന്റ് സതീശൻ പൊയ്യക്കോട് സ്വാഗതവും സെക്രട്ടറി സുജേഷ് ബി നന്ദിയും പറഞ്ഞു

**(അവസാനിച്ചു)**